**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 18** **07-06-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | **Shri M. V. Govindan Master**<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് സ്റ്റേറ്റ് ഫിനാൻസ് കമ്മീഷന്റെ ശുപാർശകൾ പരിശോധിച്ച് മുന്തിയ പരിഗണന നൽകും. 25 വർഷത്തെ വികേന്ദ്രീകൃതാസൂത്രണത്തിന്റെ നടത്തിപ്പിൽ നിന്ന് പാഠം ഉൾക്കൊണ്ടുകൊണ്ട് ആവശ്യമായ ചർച്ചകൾ നടത്തി സമഗ്ര വികസനത്തിനും ക്ഷേമ പരിപാടികൾക്കും ഊന്നൽ നൽകും. വരാൻ പോകുന്ന 14-ാം പഞ്ചവൽസര പദ്ധതി അത്തരത്തിലുള്ളതായിരിക്കും. അതിനായി ജനകീയാസൂത്രണ മാർഗ്ഗരേഖ പരിഷ്കരിക്കും. നീർത്തടാധിഷ്ഠിത ആസൂത്രണം കാര്യക്ഷമമാക്കും. സദ്ഭരണം എല്ലാ അർത്ഥത്തിലും കാര്യക്ഷമമാക്കും. അതിദാരിദ്ര്യം ഉൻമൂലനം ചെയ്യുന്നതിനുള്ള സർക്കാർ ലക്ഷ്യത്തിൽ നേതൃത്വപരമായ പങ്ക് വഹിക്കും. സ്ത്രീ ശാക്തീകരണത്തിനായി കുടുംബശ്രീ സംവിധാനത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നൂതന പദ്ധതികൾ ആവിഷ്കരിക്കും. നഗരവൽക്കരണത്തിന്റെ രണ്ടാം തലമുറ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുൻഗണന നൽകും. മാലിന്യ സംസ്കരണം കാര്യക്ഷമമാക്കും. പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കും. തദ്ദേശ സ്ഥാപന തലത്തിൽ തൊഴിൽ മേഖലയുടെ വികസനത്തിനായി നൈപുണ്യ വികസന പരിശീലന പരിപാടികൾ സംഘടിപ്പിക്കും. കേരളത്തിലെ എല്ലാ നഗരസഭകളും ജില്ലാ പഞ്ചായത്തുകളും ISO നിലവാരത്തിലേക്ക് ഉയർത്തി സർട്ടിഫിക്കേഷൻ ലഭ്യമാക്കും. നഗരസഭകളിൽ കെട്ടിട നിർമ്മാണ അപേക്ഷകൾ ഓൺലൈനായി തീർപ്പാക്കുന്നതിനായുള്ള സോഫ്റ്റ് വെയർ കേരളത്തിലെ എല്ലാ നഗര സഭകളിലേയ്ക്കും വ്യാപിപ്പിക്കും. വസ്തു നികുതി, തൊഴിൽ നികുതി എന്നിവ ഓൺലൈൻ ആക്കുന്നതിനുള്ള നടപടികളും |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചു വരുന്നു. നിലവിൽ തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ വരുന്ന പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം, നഗരാസൂത്രണം, തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നീ 5 വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് തദ്ദേശ സ്വയംഭരണ പൊതു സർവ്വീസ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇപ്രകാരം ഏകീകരണം വരുന്നത് മൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങളെ ഏകീകരിച്ച് ശക്തിപ്പെടുത്താൻ സഹായിക്കുന്നതാണ്. |
| (ബി) | പ്രകൃതി ദുരന്തങ്ങളും മഹാമാരിയും നേരിടുന്നതിൽ ത്രിതല പഞ്ചായത്തുകൾ വഹിച്ച മികച്ച പ്രവർത്തനം പരിഗണിച്ച് അവയ്ക്ക് പ്രത്യേക സാമ്പത്തിക സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | പ്രകൃതി ദുരന്തങ്ങളുടേയും മഹാമാരിയുടേയും കെടുതികൾ നേരിടുന്നതിന് മറ്റ് വകുപ്പുകളുമായി ചേർന്ന് പരിപാടികൾ നടപ്പാക്കും. അവസരോചിതമായ ഇടപെടലിന് തദ്ദേശഭരണ സ്ഥാപനങ്ങൾ സന്നദ്ധമായിരിക്കും. പ്രളയം മൂലം തകർന്ന റോഡുകൾ പുനഃസൃഷ്ടിക്കാനായി മുഖ്യമന്ത്രിയുടെ പ്രാദേശിക റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം 1000 കോടി രൂപ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചതും പ്രളയത്തിൽ നശിച്ച ജീവനോപാധികൾ പുനഃസൃഷ്ടിക്കാനായി 250 കോടി രൂപ പ്രത്യേകമായി അനുവദിച്ചതും ഉദാഹരണങ്ങളാണ്. കൊവിഡ് മഹാമാരിയേയും പ്രകൃതി ദുരന്തങ്ങളേയും നേരിടുന്നതിന് മുൻഗണന നൽകി നടപടി സ്വീകരിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭാവിയിലും ഇതു തുടരും. കാലം ആവശ്യപ്പെടുന്ന രീതിയിൽ അധിക വിഭവം ഇതിനായി ലഭ്യമാക്കുന്നതിന് തീർച്ചയായും ഇടപെടൽ ഉണ്ടാകും. കേന്ദ്ര ധനകാര്യ കമ്മീഷന്റെ basic untied ഗ്രാന്റ് ലെ ആദ്യ ഗഡു കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ